## കരുണാപുരം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ തെരഞ്ഞെടുപ്പ്

233 (3211) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുണാപുരം ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ വാർഡുതല തെരഞ്ഞെടുപ്പ്, സി.ഡി.എസ്. തെരഞ്ഞെടുപ്പ് എന്നിവ എന്നാണ് നടന്നത് ;

(ബി) തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം തടഞ്ഞുവച്ചിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ;

(സി) സി.ഡി.എസ്.-ന്റെ പ്രവർത്തനം ഇല്ലാത്തതിനാൽ എ.ഡി.എസ്. പ്രവർത്തനം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ അവതാളത്തിലാകാൻ ഇടയായ സാഹചര്യം പരിശോധിക്കുമോ ; അടിയന്തരമായി പുതിയ ഭാരവാഹികൾക്ക് ചാർജ്ജ് എടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) കരുണാപുരം ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ വാർഡുതല തെരഞ്ഞെടുപ്പ് 18-1-2015 മുതൽ 21-1-2015 വരെയും, സി.ഡി.എസ്. തെരഞ്ഞെടുപ്പ് 25-1-2015-നുമാണ് നടന്നത്.

(ബി) തടഞ്ഞുവച്ചിരുന്നു. കരുണാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സൂസി ആന്റണി ബഹു. ഹൈക്കോടതിയിൽ നൽകിയ WP(C) No. 2513/2015 നമ്പർ കേസ് പ്രകാരം ഫലപ്രഖ്യാപനം തടഞ്ഞുവച്ചിരുന്നു.

(സി) ഇല്ല. ബഹു.ഹൈക്കോടതി WP(C) No.2513/2015-ാം നമ്പർ കേസിൽ 3-3-2015-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സി.ഡി.എസ്. ഫലപ്രഖ്യാപനം നടത്തിയിട്ടുണ്ട്. സി.ഡി.എസ്സിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജയിച്ച ഭാരവാഹികളുടെ റിസൾട്ട് പ്രസിദ്ധീകരിക്കുകയും സി.ഡി.എസ്സിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇക്കാര്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly